Malayala Manorama

20 August 2018

Kerala Flood

ജലമൊഴുകി നിർമലമായ മനുഷ്യമനസ്സുകൾ...

സ്ത്രീപക്ഷം

റോസമ്മ

നൂറ്റാണ്ടിലെ വലിയ പ്രളയം നാടിനെ ഒരുമിപ്പിക്കുന്ന കാഴ്ചയാണെങ്ങും. മനുഷ്യരിൽ ദുരിതബാധിതരും അവരെ സഹായിക്കുന്നവരും എന്ന രണ്ടു വിഭാഗക്കാർ മാത്രം. ദുരന്തമുഖത്തു പകച്ചു നിൽക്കുന്നവരെ കൈപിടിച്ചുയർത്താൻ യത്നിക്കുകയാണു നാടൊന്നാകെ.

സർക്കാർ സംവിധാനങ്ങൾ അവധിദിനങ്ങൾ പോലും മറന്നു പ്രവർത്തിക്കുകയാണ്. സൈനിക വിഭാഗങ്ങൾ നിതാന്ത ജാഗ്രതയോടെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ദുരിതാശ്വാസ ക്യാംപുകളിൽ ഭക്ഷണമെത്തിക്കാൻ സ്വന്തം അടുക്കളയിൽ പാചകം ചെയ്യുന്ന എത്രയോ വീട്ടമ്മമാർ. ദുരിതമേഖലകളിൽനിന്നുള്ള ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും, എന്തിന് അപരിചിതർക്കു പോലും അഭയമരുളി വീടുകൾ.

സ്വന്തം വീടും കുടുംബവും വീട്ടുകാര്യങ്ങളും ഇട്ടെറിഞ്ഞു രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയവർ. ഉടുതുണി മാത്രമായി രക്ഷപ്പെട്ട് എത്തിയവർക്ക് അഭയകേന്ദ്രങ്ങളിൽ വേണ്ടതെല്ലാം എത്തിച്ചു നൽകുന്ന യുവജനങ്ങൾ, സ്വയം സന്നദ്ധസേവകരായി മാറുന്ന വിദ്യാർഥികൾ...

ഓഖി ചുഴലിക്കാറ്റിൽ കലിതുള്ളിയ കടലിൽ ദിവസങ്ങളോളം ജീവനു വേണ്ടി മല്ലടിച്ചിട്ടും ഉറ്റവരുടെ നഷ്ടം കണ്ടറിഞ്ഞും ദുരന്തത്തെ അതിജീവിച്ച മൽസ്യത്തൊഴിലാളികളാണു കഴിഞ്ഞ ദിവസങ്ങളിൽ പ്രളയമേഖലകളിൽ ആശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും സാന്നിധ്യമായത്. പ്രളയജലത്തിൽ രക്ഷാപ്രവർത്തനത്തിന്റെ വേഗം കൂട്ടാൻ അവർക്കു കഴിഞ്ഞു.

ജാതി, മത ഭേദമില്ലാതെ ആരാധനാലയങ്ങളിലും മത സ്ഥാപനങ്ങളിലും അഭയാർഥിക്യാംപുകൾ പ്രവർത്തിക്കുകയാണ്. കക്ഷി, രാഷ്ട്രീയ ഭേദമില്ലാതെ പാർട്ടി ഓഫിസുകളിൽ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നു. പണം തടസ്സമാകരുതെന്നു കരുതി സഹായധനമെത്തിച്ചു പ്രവാസികളും ഉദ്യോഗസ്ഥരും പ്രഫഷനലുകളും ബിസിനസുകാരും. ഓണക്കാലത്തേക്കു സ്വരുക്കൂട്ടിയ സമ്പാദ്യക്കുടുക്ക പൊട്ടിച്ചു ദുരിതാശ്വാസത്തിനു പണം നൽകുന്ന കുരുന്നുകൾ.

നാടും നാട്ടാരും ചിന്തിക്കുന്നത് ഒന്നു മാത്രം– എന്റെ നാട്, എന്റെ നാട്ടുകാർ, എന്റെ സഹജീവികൾ. ജലനിരപ്പ് ഉയർന്നു വരുമ്പോഴും വീടിന്റെ മുകൾനിലകളിൽ മൂന്നും നാലും ദിവസം പതറാതെ പിടിച്ചു നിൽക്കുന്നവരുടെ പ്രതീക്ഷയും അതു മാത്രമായിരുന്നു. 'വരും, അവർ വരാതിരിക്കില്ല' എന്ന്. പ്രളയജലത്താൽ ചുറ്റപ്പെട്ട്, രക്ഷയുടെ കരം കാത്തു കഴിയുന്നവർ ഇനിയുമുണ്ട്.

അവരും എത്രയും വേഗം സുരക്ഷയുടെ തീരത്തെത്തിയാൽ പ്രതിസന്ധിയുടെ വലിയൊരു ഘട്ടം പിന്നിടുകയായി. പിന്നെയെന്താണ്? വീടു നഷ്ടപ്പെട്ടവർക്കു വീടു പണിയണം. വെള്ളം കയറി നശിച്ച വീടുകൾ വാസയോഗ്യമാക്കണം. നഷ്ടപ്പെട്ട വീട്ടുസാധനങ്ങൾ ഒന്നൊന്നായി ഉണ്ടാക്കണം. വീടൊരുങ്ങും വരെ, ചിലപ്പോൾ ആഴ്ചകളും മാസങ്ങളും ക്യാംപുകളിൽ തങ്ങേണ്ടി വരുന്നവരുടെ നിലനിൽപ് ഉറപ്പാക്കണം. ഉപജീവനമാർഗം ഇല്ലാതായവർക്കു ജീവനോപാധി പുനഃസ്ഥാപിക്കണം. നഷ്ടപ്പെട്ട രേഖകളും മറ്റും വീണ്ടെടുക്കണം.

പക്ഷേ, ആശങ്കയെക്കാൾ, നമ്മളൊരുമിച്ചാൽ ഇതെല്ലാം സാധിക്കുമെന്ന ആത്മവിശ്വാസമാണിപ്പോൾ. കാരണം, പ്രാർഥനയോ പുഞ്ചിരിയോ, പരിഗണനയോ, സാന്ത്വനമോ, സഹോദരനയായി ഒരു രൂപയെങ്കിലുമോ നൽകാത്ത വരായി ആരും ഇന്നാട്ടിൽ അവശേഷിക്കുന്നുണ്ടാവില്ല.

ഈ പ്രതിസന്ധിയും നമ്മൾ അതിജീവിക്കും. We shall overcome....